## 11.05.2020 - ന് മിഷൻ ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ നടത്തിയ ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാരുമായുള്ള വീഡിയോ കോൺഫറൻസിന്റെ മിനിട്സ്

കോവിഡ് -19 -ന്റെ സാഹചര്യത്തിൽ മന്ദഗതിയിലായ തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിന്റെ ആവശ്യകത സംബന്ധിച്ച് മിഷൻ ഡയറക്ടർ ഡോ.ദിവ്യ.എസ്.അയ്യർ യോഗത്തെ അറിയിച്ചു. ലോക്ഡൗൺ പിൻവലിക്കുന്നതോടുകൂടി പ്രവർത്തനങ്ങൾ സാധാരണനിലയിൽ ആകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് മിഷൻ ഡയറക്ടർ നിർദ്ദേശിച്ചു. എന്നാൽ പ്രവൃത്തി സ്ഥലങ്ങളിൽ **ബ്രേക്ക്-ദ-ചെയ്ൻ കാംപയിൻ** തുടരേണ്ട സാഹചര്യമാണുള്ളതെന്നും അതിനാൽ എല്ലാ തൊഴിലാളികളും മാസ്കും മറ്റ് സുരക്ഷാ സാമഗ്രികളും ധരിച്ചുതന്നെ പ്രവൃത്തിയിൽ ഏർപ്പെടണമെന്നും മിഷൻ ഡയറക്ടർ നിർദ്ദേശിച്ചു. പല ജില്ലകളിൽ നിന്നും ലഭ്യമായ റിപ്പോർട്ട് പരിശോധിക്കുമ്പോൾ തൊഴിലിന് ഇറങ്ങിയ തൊഴിലാളികളുടെ എണ്ണത്തിന് ആനുപാതികമായ എണ്ണം മാസ്ക്, മറ്റ് സാമഗ്രികൾ എന്നിവ വാങ്ങിയിട്ടില്ലയെന്നാണ് മനസ്സിലാകുന്നത്. ഇത് മറ്റ് സ്രോതസ്സുകളിൽ നിന്നും ലഭ്യമാക്കിയിട്ടുണ്ടെങ്കിൽ അത് ഉൾപ്പെടെയുള്ള വിശദമായ റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

കോവിഡ് ബാധിത മേഖലകളിൽ പ്രവൃത്തികൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ജില്ലാകളക്ടർമാർ നൽകുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്ന് മിഷൻ ഡയറക്ടർ നിർദ്ദേശിച്ചു. തുടർന്ന് പദ്ധതി പുരോഗതി അവലോകനം നടത്തി.

നിലവിൽ ഈ വർഷം ഇതുവരെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളിൽ ഒരു ചെറിയ ശതമാനം കുടുംബങ്ങൾ മാത്രമാണ് പദ്ധതിയിൽ പങ്കാളികളായിട്ടുള്ളത്. സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങളും കുറവാണ്. ശരാശരി 6 തൊഴിൽദിനമാണ്

സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുള്ളത്. ലോക്ക്ഡൗൺ പിൻവലിച്ച് സാധാരണ നിലയിലാകുന്നതോടെ പഴയ ഉത്സാഹത്തിൽ മുൻ വർഷങ്ങളിലെപോലെ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ നമുക്ക് കഴിയണമെന്ന് മിഷൻ ഡയറക്ടർ അറിയിച്ചു.

സർക്കാർ പുതുതായി പ്രഖ്യാപിച്ച **സുഭിക്ഷ കേരളം പദ്ധതി** പ്രവർത്തനങ്ങളിൽ തൊഴിലുറപ്പ് പദ്ധതിക്ക് വളരെയേറെ പ്രാധാന്യമുണ്ട്. ടി പദ്ധതി നടത്തിപ്പിൽ വലിയ പ്രതീക്ഷയാണ് സർക്കാർ തൊഴിലുറപ്പ് പദ്ധതിയിക്ക് നൽകിയിട്ടുള്ളത്. തരിശുഭൂമി കൃഷിയ്ക്ക് ഉപയുക്തമാക്കുകയെന്നതാണ് ടി പദ്ധതിയുടെ പ്രധാന ഉദ്ദേശ്യം. തരിശുഭൂമി കൃഷിയ്ക്ക് അനുയോജ്യമാക്കി മാറ്റുന്നത് സംബന്ധിച്ച് നിലവിൽ വ്യക്തമായ നിർദ്ദേശമുണ്ട്. കാട് വെട്ടിതെളിയ്ക്കൽ, കിളയ്ക്കൽ പോലുള്ള ആവർത്തന സ്വഭാവമുള്ള കാർഷിക പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമല്ലാത്തതാണ്. **സുഭിക്ഷ കേരളം പദ്ധതി** കൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള വിധത്തിൽ കൃഷി നടത്താൻ അനുയോജ്യമാക്കുകയാണ് തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്യേണ്ടത്. ഇതിന് അനുബന്ധമായാണ് ജലസേചനസൗകര്യം ഒരുക്കേണ്ടതിന്റെ ആവശ്യകതയുള്ളത്. ഫാംപോണ്ടുകളുടെ നിർമ്മാണം നിലവിൽ വ്യാപകമായി ഏറ്റെടുത്ത് വരുന്ന പ്രവൃത്തിയാണ്. കനാലുകളുടെയും തോടുകളുടെയും നിർമ്മാണ പുന:രുദ്ധാരണ പ്രവൃത്തികളും കൂടുതലായി ഏറ്റെടുക്കേണ്ടതുണ്ട്. ഓരോ പ്രവർത്തനങ്ങളും പ്രാദേശികതലത്തിൽ പരിശോധിച്ച് അനുയോജ്യമായ തരത്തിലുള്ള പ്രവൃത്തികളാണ് ഏറ്റെടുക്കേണ്ടത്. താഴെപ്പറയുന്ന പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ കാർഷിക അനുബന്ധ മേഖലകളിൽ ഏറ്റെടുക്കാൻ സാധിക്കുന്നതാണ്.

- വർഷങ്ങളായി തരിശുകിടക്കുന്ന പൊതുഭൂമിയും പാർശ്വവല്കൃത വിഭാഗങ്ങളുടെ സ്വകാര്യ ഭൂമിയും കൃഷിക്കുപയുക്തമാക്കുന്നതിന് ഭൂമി നിരപ്പാക്കൽ, തട്ടുതിരിക്കൽ, പുതിയ ബണ്ടുകളുടെ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ. **നിലം ഉഴൽ, കാടുവെട്ടൽ, പുല്ലുചെത്തൽ, വിതയ്ക്കൽ, കൊയ്യൽ തുടങ്ങിയ ആവർത്തന സ്വഭാവമുള്ള കാർഷിക പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ അനുവദനീയമല്ല.**
- പൊതുഭൂമിയിലും സ്വകാര്യ ഭൂമിയിലും ജലസേചന കുളങ്ങൾ / കിണറുകൾ നിർമിക്കൽ

- പൊതുകുളങ്ങളുടെ പുനരുദ്ധാരണം
- ജലസേചന ചാലുകളുടെ നിർമ്മാണവും പുനരുദ്ധാരണവും
- വെള്ളക്കെട്ടുള്ള കൃഷിഭൂമിയിൽ നിന്നും അധികജലം ഒഴുകിപ്പോകുന്നതിനുള്ള ചാലുകൾ നിർമ്മിക്കൽ
- ഫല വൃക്ഷത്തൈകൾ നട്ടു പരിപാലിക്കൽ
- നാളികേര കൃഷി വ്യാപിപ്പിക്കുന്നതിന് ആവശ്യമായി ഭൂമി ഒരുക്കൽ, കുഴികൾ തയ്യാറാക്കി തൈകൾ നടീൽ, രണ്ടു വർഷക്കാലത്തേക്കുള്ള പരിചരണ പ്രവൃത്തികൾ
- റബ്ബർ കൃഷി പുതിയ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുന്നതിനായി നിലമൊരുക്കൽ, തൈനടീൽ, രണ്ടു വർഷക്കാലത്തേക്കുള്ള പരിചരണം
- മണ്ണും ജലവും സംരക്ഷിക്കുന്നതിനാവശ്യമായ മൺകയ്യാല, മഴക്കുഴികൾ തുടങ്ങിയ വിവിധ നീർത്തടാധിഷ്ഠിത പ്രവൃത്തികൾ
- ജൈവവേലി നിർമ്മിക്കൽ
- കാർഷിക ഉല്പന്നസംഭരണ കേന്ദ്രങ്ങൾ നിർമ്മിക്കൽ
- മൃഗസംരക്ഷണ പ്രവർത്തനങ്ങൾക്ക് സഹായകരമാകുന്ന പശുത്തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, പന്നിക്കൂട് എന്നിവയുടെ നിർമ്മാണം
- അസോള ടാങ്ക് നിർമ്മാണം
- തീറ്റപ്പുൽകൃഷി
- മത്സ്യകൃഷിക്കുള്ള കുളങ്ങളുടെ നിർമ്മാണം
- കമ്പോസ്റ്റിങ്ങ് സംവിധാനങ്ങളുടെ നിർമ്മാണം
- കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിന് ഗ്രാമചന്തകളുടെ നിർമ്മാണം
- കാർഷിക ഉല്പന്ന സംസ്കരണത്തിലേർപ്പെടുന്ന സ്വയം സഹായ സംഘങ്ങൾക്കുള്ള വർക്ക്ഷെഡ് നിർമ്മാണം

മേൽ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പദ്ധതി തയ്യാറാക്കേണ്ടതാണ്. നിലവിലുള്ള ആക്ഷൻ പ്ലാനിൽ ഉൾപ്പെട്ടിട്ടുള്ള പ്രവൃത്തിയാണെങ്കിൽ ഭരണ-സാങ്കേതികാനുമതികൾ കാലതാമസം കൂടാതെ വാങ്ങി നിർവ്വഹണം നടത്തേണ്ടതാണ്. അല്ലാത്തവ അഡീഷണൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി ആവശ്യമായ അംഗീകാരം ലഭ്യമാക്കി നടപ്പിലാക്കണം.

തൊഴിലുറപ്പ് പദ്ധതിയിൽ ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്നത് സംബന്ധിച്ച് ഗ്രാമപഞ്ചായത്തുകളെ ബോധ്യപ്പെടുത്തുകയും, ടി പ്രവൃത്തികൾ ഏറ്റെടുക്കാൻ അവരെ പ്രോത്സാഹിപ്പിക്കുകയും വേണം.

ഇതോടൊപ്പം തന്നെ മൃഗസംരക്ഷണം, ഫിഷറീസ് മേഖലകളിലും തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തണം. മൃഗസംരക്ഷണ മേഖലയിൽ കഴിഞ്ഞ വർഷം 33098 പ്രവൃത്തികൾ ആരംഭിച്ചുവെങ്കിലും 28921 പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. ഇവ അടിയന്തിരമായി പൂർത്തിയാക്കണം. കൂടാതെ പുതുതായി തൊഴുത്ത്, ആട്ടിൻകൂട്, കോഴിക്കൂട്, പന്നിക്കൂട് എന്നിവയുടെ നിർമ്മാണം ഏറ്റെടുക്കേണ്ടതാണ്. ഫിഷറീസ് മേഖലയിൽ പൊതുസ്ഥലത്ത് കുളങ്ങളുടെ നിർമ്മാണം, പൊതുസ്ഥലത്തുള്ള കുളങ്ങളുടെ അറ്റകുറ്റ പണികൾ, ഫിഷ് ഡ്രൈയിംഗായാർഡിന്റെ നിർമ്മാണം, സ്വയം സഹായ സംഘങ്ങൾക്ക് വർക്ക്ഷെഡ് എന്നീ പ്രവൃത്തികളും ഏറ്റെടുക്കേണ്ടതാണ്.

ശുചിത്വ മേഖലയിലെ പ്രവൃത്തികൾക്ക് പ്രതീക്ഷിച്ച പുരോഗതിയില്ല. നിശ്ചയിക്കപ്പെട്ടിട്ടുള്ള ലക്ഷ്യത്തിന് അനുസൃതമായുള്ള കമ്പോസ്റ്റ്, സോക്ക്പിറ്റുകൾ നിർമ്മിക്കുന്നതായി കാണുന്നില്ല. സർക്കാർ തലത്തിലുള്ള വിവിധ യോഗങ്ങളിൽ ഇതിന്റെ നിർമ്മാണത്തിനുള്ള കാലതാമസം മോശം പരാമർശത്തിന് ഇടയാക്കുന്നുണ്ട്. ആയതിനാൽ അടിയന്തിര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകണം. ഗ്രാമപഞ്ചായത്തുകളുടെ ആക്ഷൻ പ്ലാനിൽ മതിയായ എണ്ണം കമ്പോസ്റ്റ് പിറ്റ്, സോക്ക്പിറ്റ്, മിനി MCF എന്നിവ ഉൾപ്പെട്ടിട്ടുണ്ടെന്ന് ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർ പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്. അതുപോലെ സ്കൂൾടോയ്ലെറ്റ് യൂണിറ്റുകൾ, എസ്.സി കോളനി സമഗ്ര ശുചിത്വ പ്രവർത്തനങ്ങൾ എന്നിവയും ഏറ്റെടുക്കണം. ഒരു പ്രവൃത്തിയിൽ തന്നെ കൂടുതൽ എണ്ണം കമ്പോസ്റ്റ്, സോക്ക്പിറ്റ് എന്നിവ നിർമ്മിക്കുന്ന രീതി ഒഴിവാക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. അത് കർശനമായി പാലിക്കണം. ഒരു എസ്റ്റിമേറ്റ് എടുക്കുകയും അതിൽ തന്നെ ഒന്നിൽ കൂടുതൽ യൂണിറ്റുകളുടെ വിവരം

രേഖപ്പെടുത്തുന്നതിനും കഴിയുന്നതാണ്. അപ്പോഴും ഓരോ യൂണിറ്റിനും ജിയോടാഗിംഗ് ഉൾപ്പെടെ പ്രത്യേകം ചെയ്യേണ്ടതാണ്. ഇതിനുള്ള നിർദ്ദേശം ഫീൽഡുതലത്തിൽ നൽകണം.

ഒരുകോടി വൃക്ഷതൈ നടീൽ പദ്ധതിയുമായി ബന്ധപ്പെട്ട് VFPCK ആദ്യഘട്ടത്തിൽ ലഭ്യമാക്കുന്ന 3 ലക്ഷം വൃക്ഷതൈകളുടെ വിതരണം സംബന്ധിച്ച് യോഗത്തിൽ ചർച്ച ചെയ്തു. തൈകൾ നട്ട് വളർത്താൻ ഉദ്ദേശിച്ചിട്ടുള്ള പ്ലഗ്ഗ് നഴ്സറികളുടെ വിവരം കൂടി ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർ ലഭ്യമാക്കണമെന്നും ഇതിനായി ഒരു Googgle Sheet ലഭ്യമാക്കുന്നതാണെന്നും അറിയിച്ചു.

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ട സമയമാണിതെന്നും ഇതിനുള്ള പ്രവർത്തനം നടപ്പിലാക്കുന്നുണ്ടെന്ന് ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർ ഉറപ്പ് വരുത്തണം. പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനഃരുദ്ധാരണ പ്രവൃത്തികളിൽ കഴിഞ്ഞ വർഷം ആരംഭിച്ച 5012 പ്രവൃത്തികൾ സംസ്ഥാനത്ത് പൂർത്തിയാവാനുണ്ട്. കൂടാതെ ഫാംപോണ്ടുകൾ 4130 എണ്ണവും പൂർത്തിയാക്കുവാൻ ബാക്കിയുണ്ട്. ഈ പ്രവൃത്തികളുടെ പൂർത്തീകരണത്തിനാവണം പ്രഥമ പരിഗണന.

ഗ്രാമപഞ്ചായത്തുതലത്തിൽ ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ ഗുണമേന്മ ഉറപ്പുവരുത്തേണ്ടതാണ്. എസ്റ്റിമേറ്റുകൾ ബ്ലോക്കുതലത്തിൽ ശരിയായ രീതിയിൽ സാങ്കേതിക പരിശോധനയ്ക്ക് വിധേയമാക്കേണ്ട ചുമതല ബ്ലോക്കുതല അക്രഡിറ്റഡ് എഞ്ചിനീയറിൽ നിക്ഷിപ്തമാണ്. ബ്ലോക്കുതല അക്രഡിറ്റഡ് എഞ്ചിനീയർമാരുടെ ജോബ്ചാർട്ടിൽ ഇത് ഉൾപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർമാർ ഉറപ്പുവരുത്തണം. നിർവ്വഹണഘട്ടത്തിലെ ഗുണമേന്മ ഉറപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്തുകളിൽ നടക്കുന്ന പ്രവൃത്തികൾ ബ്ലോക്കുതല അക്രഡിറ്റഡ് എഞ്ചിനീയർമാർ പരിശോധിക്കേണ്ടതാണ്.

പ്രവൃത്തികളുടെ ഡാറ്റാ എൻട്രി വേളയിൽ അതിന്റെ categorization നടത്തുന്നതിൽ യാതൊരു കൃത്യതയും ഗ്രാമപഞ്ചായത്തിലെ ഡാറ്റാ എൻട്രി ഓപ്പറേറ്റർമാർ കാണിക്കുന്നില്ല. ഓരോ ഗ്രാമപഞ്ചായത്തിലും വെവ്വേറെ രീതിയിലാണ് ഒരേ പ്രവൃത്തകളുടെ തന്നെ കാറ്റഗറി തീരുമാനിക്കപ്പെടുന്നത്. ഇത് ഒഴിവാക്കുന്നതിനായി ജില്ലാ ഐ.റ്റി.പി, ജില്ല എഞ്ചിനീയർ, വിവിധ ബ്ലോക്ക്-ഗ്രാമപഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട എഞ്ചിനീയർ, ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവർ ചേർന്ന് ഓരോ പ്രവൃത്തിക്കും നൽകേണ്ട categorization സംബന്ധിച്ച് ഒരു പ്രൊപ്പോസൽ തയ്യാറാക്കേണ്ടതും അത് സംസ്ഥാനമിഷന് 20.05.2020 നകം നൽകേണ്ടതുമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനമിഷൻ തുടർ നിർദ്ദേശം നൽകുന്നതാണ്.

സർവ്വേ പൂർത്തിയാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ജി.ഐ.എസ് പ്ലാനുകൾ അടിയന്തിരമായി സമർപ്പിക്കേണ്ടതാണ്. പൊതുഭൂമി, കുളങ്ങൾ, തോടുകൾ എന്നിവയിൽ ആവശ്യമായത്ര പ്രവൃത്തികൾ കണ്ടെത്തി ഉൾപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ന്യൂനതകൾ കണ്ടെത്തുകയാണെങ്കിൽ ആയത് പരിഹരിച്ച് സമർപ്പിക്കേണ്ടതുമാണ്.

തൊഴിലുറപ്പ് പ്രവൃത്തികളിൽ എല്ലാ ജീവനക്കാരുടെയും ഊർജ്ജിതമായ പങ്കാളിത്തമുണ്ടാകണമെന്നും, ഈ വർഷവും മികച്ച നേട്ടം നേടിയെടുക്കാൻ കഴിയണമെന്നും മിഷൻ ഡയറക്ടർ ഒരിക്കൽകൂടി എല്ലാവരെയും ഓർമ്മിപ്പിച്ചുകൊണ്ട് യോഗം അവസാനിപ്പിച്ചു.

(ഒപ്പ്)

**മിഷ ൻ ഡയറക്ടർ**

അംഗീകാരത്തോടെ

അഡീഷണൽ മിഷൻ ഡയറക്ടർ